(എ) വനംവകുപ്പ് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ട കാലാവധി അവസാനിപ്പിച്ച പാട്ടക്കാരിൽനിന്നും വനഭൂമി ഏറ്റെടുത്ത് സംരക്ഷിക്കാൻ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാട്ടകുടിശ്ശിക വരുത്തുന്ന പാട്ടക്കാരിൽനിന്നും വനഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിവിധ സ്ഥാപനങ്ങളിൽനിന്നും സ്വകാര്യവ്യക്തികളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള പാട്ടകുടിശ്ശികയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) വനംവകുപ്പിൽനിന്നും പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമികൾ പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷയില്ലെങ്കിൽ പാട്ടകാലാവധി തീരുന്ന മുറയ്ക്ക് തിരിച്ചെടുത്ത് വനംവകുപ്പ് സംരക്ഷിക്കുന്നു. കൂടാതെ പാട്ടക്കാരൻ പാട്ടക്കരാർലംഘനം നടത്തിയാൽ പാട്ടം റദ്ദാക്കി ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കണക്ക് ലഭ്യമാണ്. 31.1.1999 വരെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമായി 54,15,43,939 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ 54,13,71,519 രൂപ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 1,72,420 രൂപ സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണ് പിരിഞ്ഞുകിട്ടാനുള്ളത്.

(ഇ) കുടിശ്ശിക തിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ 'കൗണ്ടർ സൈൻ ചെയ്ത ചെല്ലാനുകൾ പാട്ടക്കാരന് അയച്ചുകൊടുക്കുകയും പാട്ടത്തുക അടച്ചില്ലെങ്കിൽ വീണ്ടും ഒരവസരം കൂടി നൽകുകയും പിന്നെയും കുടിശ്ശിക അടയ്ക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(എഫ്) പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്.

7 (*440) കാർഷികമേളകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് എല്ലാ വർഷവും നടത്തുന്ന കാർഷിക മേളകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനതലത്തിൽ മാത്രം ഇപ്പോൾ നടത്തിവരുന്ന കാർഷിക മേളകളുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് ആവശ്യമായി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കാർഷികമേളകൾ ജില്ലാതലത്തിൽകൂടി നടത്തുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ഡി) കാർഷികമേളകൾ ജില്ലാതലത്തിൽക്കൂടി സംഘടിപ്പിച്ചാൽ ഓരോ ജില്ലയിലേയും കൂടുതൽ കൃഷിക്കാർക്ക് പങ്കെടുക്കാൻ കഴിയും എന്നതിനാൽ അവ ജില്ലകൾതോറും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് വർഷംതോറും നടത്തുന്ന കാർഷികമേളയിൽ പ്രഗത്ഭരായ കർഷകരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ആധുനിക കാർഷികനേട്ടങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിന് കർഷകർക്ക് അവസരം നൽകുക, ഉയർന്ന കാർഷിക സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുക, കാർഷിക വികസന സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക എന്നിവയാണ് കാർഷിക മേളകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) കാർഷിക മേഖലയിൽ, കാലിക പ്രാധാന്യമുള്ള കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള മേളകളാണ് ഓരോവർഷവും നടന്നുവരുന്നത്.

(സി)&(ഡി) ജില്ലകൾതോറും മേളകൾ സംഘടിപ്പിക്കുന്നതിന് പരിപാടിയുണ്ട്.

(ഇ) സംസ്ഥാന കാർഷികമേളയിൽ ഏറ്റവും നല്ല കാർഷികോല്പന്നങ്ങൾ പ്രദർശനത്തിന് എത്തിക്കുന്ന കർഷകർക്ക് ആണ് സമ്മാനങ്ങൾ നൽകിവരുന്നത്.

(എഫ്) കാർഷികമേളയിൽ ഏറ്റവും മുന്തിയ പ്രദർശനവസ്തുക്കൾ എത്തിക്കുന്ന കർഷകർക്ക് സർട്ടിഫിക്കറ്റുകളും കാഷ് അവാർഡുകളും നൽകുന്നുണ്ട്.

8 (*441) വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. എൻ. ആർ. ബാലൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly